മാധ്യമം

04 January 2024

സമുദ്ര മത്സ്യമേഖലയുടെ വികസനം

# കേന്ദ്രവും തീരദേശ സംസ്ഥാനങ്ങളും കൈകോർക്കുന്നു

## » നിതി ആയോഗ് ഉന്നതതല ദേശീയ ശിൽപശാല നാളെ കൊച്ചിയിൽ

**കൊച്ചി:** സമുദ്ര മത്സ്യമേഖലയിലെ വികസനസാധ്യതകൾ ചർച്ച ചെയ്യാൻ നിതി ആയോഗിന്റെ നേതൃത്വത്തിൽ കേന്ദ്ര-തീരദേശ സംസ്ഥാനങ്ങൾ കൈകോർക്കുന്നു. വിവിധ സംസ്ഥാനങ്ങൾ നേരിടുന്ന വെല്ലുവിളികൾ സംയുക്തമായി ചർച്ച ചെയ്യാനും സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാനുമായി ഉന്നതതല ദേശീയ ശിൽപശാല വെള്ളിയാഴ്ച കൊച്ചിയിൽ നടക്കും. കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിലെയും തീരദേശ സംസ്ഥാനങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന ശിൽപശാല നിതി ആയോഗ്, കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ), സംസ്ഥാന ഫിഷറീസ് വകുപ്പ് എന്നിവ സംയുക്തമായാണ് സംഘടിപ്പിക്കുന്നത്.

സി.എം.എഫ്.ആർ.ഐയിൽ നടക്കുന്ന ശിൽപശാലയിൽ നിതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി, നിതി ആയോഗ് അംഗം പ്രഫ. രമേശ് ചന്ദ്, തീരദേശ സംസ്ഥാനങ്ങളിലെ ഫിഷറീസ് സെക്രട്ടറിമാർ, കേന്ദ്ര-സംസ്ഥാന സർക്കാറുകളിലെ നയരൂപവത്കരണ വിദഗ്ധർ, വ്യവസായ പ്രമുഖർ, ഗവേഷകർ എന്നിവർ പങ്കെടുക്കും.

കേരളത്തിനുപുറമെ, പശ്ചിമ ബംഗാൾ, ഒഡിഷ, ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ തീരദേശ സംസ്ഥാനങ്ങളും അന്തമാൻ-നികോബാറും ശിൽപശാലയിൽ സംബന്ധിക്കും. സമുദ്ര മത്സ്യമേഖലയിലെ നിലവിലെ സ്ഥിതിഗതികൾ ഓരോ സംസ്ഥാനവും പങ്കുവെക്കും. ഫിഷറീസ് സർട്ടിഫിക്കേഷൻ, വ്യാപാരബന്ധം, കയറ്റുമതി, മത്സ്യബന്ധന-സീഫുഡ് വ്യവസായ മേഖലകളിലെ പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്യും. രാവിലെ 9.30 മുതൽ വൈകീട്ട് 6.30 വരെയാണ് ശിൽപശാല.